## പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

പൊതു വിദ്യാഭ്യാസ വകുപ്പ് - വി.എച്ച്.എസ്.ഇ. വിഭാഗം - ജീവനക്കാര്യം - ഗവ.വി.എച്ച്.എസ്.എസ്. ജീവനക്കാരുടെ പൊതു സ്ഥലം മാറ്റം 2019 ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ അനുകമ്പാർഹ സ്ഥലം മാറ്റം 2019 - അന്തിമ സ്ഥലം മാറ്റ ലിസ്റ്റ് അംഗീകരിച്ച് - ഉത്തരവാകുന്നു.

---

എസ്റ്റാബ്ലിഷ്മെന്റ് (ഇ.6) സെക്ഷൻ

ഉത്തരവ് നമ്പർ:ഇ.1/2860/19 തിരുവനന്തപുരം, തീയതി, 22. 11.2019

---

സൂചന :- 1). 25.02.2017 തീയതിയിലെ ജി.ഒ.(പി)നം.3/2017/ഉ.ഭ പ.വ നമ്പർ സർക്കാർ ഉത്തരവ്

2) 28.03.2018 തീയതിയിലെ സ.ഉ (സാധാ) നം.1271/18 നമ്പർ സർക്കാർ ഉത്തരവ്

3) 5.3.2019 തീയതിയിലെ GEDN/SC2/13/2019/GEDN എന്ന നമ്പറിലെ സർക്കാർ കത്ത്.

4). 5.3.2019 തീയതിയിലെ ഈ ഓഫീസിലെ ഇ7/10750/18 നം.വിജ്ഞാപനം.

5) . 2.4.2019 തീയതിയിലെ GEDN/SC2/13/2019/GEDN എന്ന നമ്പറിലെ സർക്കാർ കത്ത്.

6). 16.3.2019 തീയതിയിലെ ഈ ഓഫീസിൽ നിന്നുമുള്ള ഇ-മെയിൽ

7). 28.5.2019 തീയതിയിലെ ഈ ഓഫീസിലെ ഇ7/10750/2018 നം.പരിപത്രം

8). 20.7.19 തീയതിയിലെ എസ്.സി2/100/19/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

9) . 20.11.2019 ലെ ഇ 6 /2500/2019 എന്ന നമ്പർ ഉത്തരവ്

## ഉ ത്ത ര വ്

പരാമർശം (2) പ്രകാരം വി.എച്ച്.എസ്.ഇ വകുപ്പിലെ പൊതുസ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം നിർണ്ണയിച്ച് സർക്കാർ ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം അംഗീകരിക്കപ്പെട്ട 2018-19 അദ്ധ്യയന വർഷത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി 2019 ലെ പൊതുസ്ഥലംമാറ്റ നടപടികൾ സ്വീകരിക്കാൻ പരാമർശം (3) പ്രകാരം സർക്കാർ നിർദ്ദേശം ലഭിച്ചിരുന്നു. ടി നിർദ്ദേശമനുസരിച്ച് പരാമർശം (4) പ്രകാരം 2019 ലെ പൊതു സ്ഥലംമാറ്റം വിജ്ഞാപനം വകുപ്പ് പുറപ്പെടുവിച്ചിരുന്നു. ഓരോ തസ്തികയിലുമുള്ള Open/Replacement vacancy യുടെ 10% ആണ് അനുകമ്പാർഹ സ്ഥലം മാറ്റത്തിന്

അനുവദിക്കുന്നതെന്നും, ഒരു തസ്തികയിലെ ഒഴിവ് മറ്റൊരു തസ്തികയിലേക്ക് അനുവദിക്കുന്നതല്ല എന്നും, യോഗ്യരായ അപേക്ഷകരില്ലെങ്കിൽ അനുകമ്പാർഹ സ്ഥലം മാറ്റത്തിന് നീക്കി വയ്ക്കപ്പെട്ട ഒഴിവ് പൊതു സ്ഥലം മാറ്റത്തിൽ നികത്തപ്പെടുന്നതാണെന്നും പരാമർശം (4) വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നു. പരാമർശം (5) പ്രകാരം സർക്കാർ അനുമതിയും ലഭിച്ചിരുന്നു. പരാമർശം (6) പ്രകാരം അനുകമ്പാർഹ സ്ഥലംമാറ്റ അപേക്ഷകൾ 26.3.2019 ന് വൈകുന്നേരം 3 മണി വരെ സ്വീകരിച്ചു. അനുകമ്പാർഹ സ്ഥലം മാറ്റ അപേക്ഷ യഥാസമയം സമർപ്പിക്കാൻ സാധിച്ചില്ല എന്ന പരാതികൾ അവസരം ലഭിക്കാത്തവർക്കായി പരാമർശം (7) പ്രകാരം ഒരു അവസരം കൂടി അനുവദിച്ച് 30.5.2019 ന് വൈകുന്നേരം 3 മണി വരെ സമയം നൽകി. ലഭ്യമായ അപേക്ഷകൾ തിരുവനന്തപുരം ഗവ.മെഡിക്കൽ കോളേജ് സൂപ്രണ്ട് നിയോഗിച്ച ഡോക്ടർ പരിശോധിക്കുകയും അർഹമായവരെ റാങ്ക് ചെയ്യുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ടി റാങ്ക് ലിസ്റ്റിലെ ചില തസ്തികകളിലെ റാങ്കുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചതിനാൽ പരാമർശം (8) പ്രകാരം " അനുകമ്പാർഹ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ച വിഷയങ്ങളിലെ എല്ലാ അപേക്ഷകളും ചികിത്സ/അവശത സംബന്ധിച്ച് മെഡിക്കൽ ബോർഡ് മുമ്പാകെ വീണ്ടും പരിശോധന നടത്തേണ്ടതും ടി മെഡിക്കൽ ബോർഡിന്റെ കൂടി സർട്ടിഫിക്കറ്റ് പരിഗണിച്ച് മാത്രമേ അനുകമ്പാർഹ സ്ഥലം മാറ്റത്തിനുള്ള അന്തിമ ലിസ്റ്റ് പ്രിസിദ്ധീകരിക്കാൻ പാടുള്ളൂ " എന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റാങ്കുമായി ബന്ധപ്പെട്ട പരാതികളില്ലാത്ത വിഷയങ്ങളുടെ അനുകമ്പാർഹ സ്ഥലം മാറ്റ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

ചുവടെ ചേർത്തിരിക്കുന്ന അലോട്ട്മെന്റ് പട്ടിക പ്രകാരം 2019 - 2020 ലെ ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ അനുകമ്പാർഹ സ്ഥലം മാറ്റം മേൽ സൂചന (9) പ്രകാരം 20.11.2019-ാം തീയതിയിൽ നടപ്പിലാക്കി ഉത്തരവായിരുന്നു.

| Sl.No | Name of Lab Technical Assistant and Name of School | Name of Course | Name of School to where transfer is made/retained |
|---|---|---|---|
| 1 | Mamukoya.V, GVHSS Arimbra | ECT | GVHSS Meenchantha |
| 2 | Arunkrishnan.K, GVHSS (THS) Ezhukone | | GVHSS (THS) Ezhukone |

| | | | |
|---|---|---|---|
| 3. | Sujithkumar.G, GVHSS (b) Kollam | BET | GVHSS (B0 Kollam |
| 4 | Sandhya.K.G, GVHSS Parassala | ABFS | GVHSS Parassala |
| 5 | Unnikrishnan.T.E TVGHSS Thaliparamba | | TVGHSS Thaliparamba |
| 6 | Bindulekha.S.M GVHSS Kulathur | | GVHSS Kulathur |
| 7 | Lalitha.C GVHSS Nilambur | ASPT | GVHSS Nilambur |
| 8 | Selvaraj.R GVHSS Anchal East | ACHM | GVHSS (B) Attingal |
| 9 | Kalesh.R GVHSS (B) Attingal | | GVHSS(B) Kottarakkara |
| 10 | Suresh.P.V, GVHSS Puthukad | | GVHSS Puthukad |
| 11 | Ajesh.K.A GVHSS Malampuzha | LSM | GVHSS Malampuzha |
| 12 | Biju.K.K. GVHSS Thattakuzha | | GVHSS Thattakuzha |
| 13 | Rakesh.R.Nair GVHSS (THS) Kuttippuram | CCT | MV GVHSS Perror.Kollam |
| 14 | Siji.M.S GVHSS Kunjathur | CSIT | GVHSS Desamangalam |
| 15 | Saneesh.T.T. K, GVHSS Chirakkara | | GVHSS Chirakkara |
| 16 | Shamnad.S GVHSS Krishnapuram | Auto Tech. | GVHSS Krishnapuram |
| 17 | Unnikrishnan.K GVHSS(G) B.P.Angadi | Dairy Tech. | GVHSS Ferok |
| 18 | Preetha.L.P GVHSS (G) Thrissur | CBT | GVHSS (G) Pettah, Tvm |
| 19 | Gigimol.V, GVHSS Aryad | Acc & Tax | GVHSS Aryad |
| 20 | Sheela James, GVHSS Santhipuram | | GVHSS Santhipuram |
| 21 | Resmi.V.P GVHSS, Puthenchira | COM | GVHSS, Puthenchira |

| | | | |
|---|---|---|---|
| 22 | Gopakumar.M, GVHSS Cheriazheekkal | MFSP | GVHSS Cheriazheekkal |
| 23 | Santhosh.P.G, GVHSS Murikkumvayal | Travel& Tourism | GVHSS Murikkumvayal |
| 24 | Rani.C. Chandra, GVHSS Pirappancode | MLT | GVHSS Pirappancode |
| 25 | Riji.T.K, GVHSS (Sports) Kannur | | GVHSS (Sports) Kannur |
| 26 | Shibu.V GVHSS, Pirappancode | | GVHSS Paruthippally, Tvm |
| 27 | Indrajith.R. GVHSS Manacaud | | GVHSS Manacaud |

ഏതെങ്കിലും ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാർ തെറ്റായ വിവരങ്ങൾ നൽകി അനർഹമായി അനുകമ്പാർഹ സ്ഥലം മാറ്റം നേടിയിട്ടുള്ളതായി പിന്നീട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം പ്രസ്തുത സ്ഥലം മാറ്റം റദ്ദ് ചെയ്യുന്നതും, തെറ്റായ വിവരങ്ങൾ സമർപ്പിച്ച ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്. ടി അനുകമ്പാർഹ സ്ഥലം മാറ്റത്തിന്റെ കാലാവധി അടുത്ത പൊതുസ്ഥം മാറ്റ ഉത്തരവ് നിലവിൽ വരുന്ന തീയതിവരെയായിരിക്കും.

**(ഒപ്പ്)**
**ജീവൻ ബാബു കെ. ഐ.എ.എസ്.**
**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താക്കൾ :-

1. ബന്ധപ്പെട്ട ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാർ
2. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ
3. ബന്ധപ്പെട്ട മേഖലാ ആഫീസർമാർ
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള
5. എസ്.എഫ്./ഒ.സി.

ഉത്തരവിൻപ്രകാരം

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ആർ 22.11.2019.